സാഹിത്യവാരഫലം

1970/08/02 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1970/08/02-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

“മാഡം, നിങ്ങൾ വേശ്യയാണ്.”

ശോഭനാ സമർഥ്

ശോഭനാ സമർഥ് എന്ന പ്രശസ്തയായ “ചലനചിത്രതാരം” സീതാദേവിയായി അഭിനയിച്ച ഒരു സിനിമ ഞാൻ കണ്ടിട്ടുണ്ട്. സുന്ദരിയായ ശോഭന കനം കുറഞ്ഞ മുഖാവരണമണിഞ്ഞ് തിളങ്ങുന്ന കണ്ണുകളുമായി കഥയിലെ ആത്മനാഥന്റെ മുൻപിൽ നിന്നതു ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു. ശ്രീരാമന്റെ വേഷം ധരിച്ച അഭിനേതാവിന്റെ പേരുപോലും ഞാൻ മറന്നുപോയി. പക്ഷേ, ശോഭനയെ മറന്നിട്ടില്ല. ചില വ്യക്തികൾ നമ്മുടെ ഹൃദയദർപ്പണത്തിൽ നിന്നു മായുകില്ലല്ലോ. ഇതിനു കാരണമെന്തായാം? ശോഭനയുടെ സൗന്ദര്യമാണോ? അതേയെന്നു പറയാൻ വയ്യ. ദേവികാറാണി അവരെക്കാൾ അന്നു സുന്ദരിയായിരുന്നു. ഇംഗ്ലീഷിൽ Charm എന്നു പറയുന്ന ആകർഷകത്വം ആ രണ്ട് അഭിനേത്രികളെക്കാൾ കണ്ണൻ ദേവിക്കുണ്ടായിരുന്നുവെന്ന് ആരും സമ്മതിക്കും. എങ്കിലും ശോഭന വിസ്മരിക്കപ്പെടുന്നില്ല. ഇതിന്റെ ഹേതു വ്യക്തമാക്കുമ്പോൾ പലരും എന്നോടു യോജിച്ചില്ലെന്നു വരും. ശോഭനാ സമർഥ് നേരിയ ഒരു മുഖാവരണം ധരിച്ചിരുന്നുവെന്നു ഞാൻ പറഞ്ഞല്ലോ. അതിലൂടെ കാണപ്പെട്ട അവരുടെ മുഖത്തിനു കൂടുതൽ ആകർഷകത്വമുണ്ടായിരുന്നു എന്നതാണ് സത്യം. മൂടൽമഞ്ഞിലൂടെ ദർശനീയമാകുന്ന ചന്ദ്രക്കലയ്ക്കു സൗന്ദര്യം കൂടും. ജലംനിറഞ്ഞ സ്ഫടികഭാജനത്തിൽ ചലിച്ചു കൊണ്ടിരിക്കുന്ന സ്വർണ്ണമത്സ്യത്തിന് ഭംഗിക്കൂടും. സൗന്ദര്യത്തിന്റെ ആവരണമണിഞ്ഞ സത്യം രമണീയമാണ്. ഷെല്ലിയുടെയും നിസാമിയുടെയും ചങ്ങമ്പുഴയുടെയും കവിത ആ വിധത്തിലാണ് അനുവാചകനെ രസിപ്പിക്കുന്നത്. സൗന്ദര്യത്തിന്റെ മൂടുപടമെടുക്കൂ, സത്യം അനാകർഷകമാകും. ശ്രീ. പി. നാരായണക്കുറുപ്പിന്റെ “സത്യവും മിഥ്യയും” ശ്രീ. കെ. രവീന്ദ്രനാഥന്റെ “രക്തബിന്ദു” എന്നീ കവിതകൾ (മാതൃഭൂമി-ലക്കം 18) ആ വിധത്തിലാണ് സഹൃദയന് ഉദ്വേഗം ജനിപ്പിക്കുന്നത്. രണ്ടുപേരും ചാരുതയുടെ ആവരണം ദൂരെയെറിഞ്ഞിരിക്കുന്നു. അപ്പോൾ കാണുന്ന സത്യത്തിന്റെ മുഖമോ? സത്യമെന്നുതന്നെ അതിനെ വിളിക്കാൻ പ്രയാസം. ദുർഗ്രഹങ്ങളായ കുറെ ചിന്തകൾ സത്യമാകുന്നതെങ്ങനെ? കവിക്കു സത്യത്തെക്കുറിച്ചുണ്ടായ അവബോധത്തിലേക്ക് അനുവാചകനെക്കൂടി പങ്കുകൊള്ളിക്കാൻ ഉചിതങ്ങളായ വാക്കുകൾ അദ്ദേഹം പ്രയോഗിക്കുന്ന പ്രക്രിയയാണ് കാവ്യനിർമ്മിതിയിൽ ഏറ്റവും പ്രധാനമെന്നു അറിവുള്ളവർ അഭിപ്രായപ്പെടുന്നു. പക്ഷേ, നാരായണക്കുറുപ്പിന്റെയും രവീന്ദ്രനാഥന്റെയും പദങ്ങൾ അവരുടെ സത്യാവബോധത്തിലേക്കു അനുവാചകനെ നയിക്കുന്നില്ല.

> ഞാനറിഞ്ഞേൻ നിന്റെ കാപട്യം;- സുര
> ദാരുവാകില്ല, മരിയപിച്ചക
> മാകില്ലം, നവപാരിജാത
> മയൂര പിഞ്ഛികയാകില്ലം
> മണ്ണുമൂടിക്കണ്ണടച്ച
> കുശാഗ്രമാം തായ്‌വേരു മന്ദ-
> മമർന്നു, കുതുകമൊടിരുളിലാഴ്ന്നു
> വിരഞ്ഞു, ദുഢമെടുത്തുമൊത്തുവ-
> തന്ധകാരം നാറുമോടയ:-
> ലടിയുമിത്തെരുവിന്റെ മാലിന്യം!

ശ്രീ. നാരായണക്കുറുപ്പിന്റെ “സത്യവും മിഥ്യയും” ആരംഭിക്കുന്നതിങ്ങനെയാണ്. കർക്കശതയും അസംസ്കൃതത്വവും ഈ വരികളുടെ മുദ്രകളാണ്. യഥാർത്ഥമായ കവിത മൃദുലവും ശാലീനവുമാണ്. ഇമ്മാതിരി ദുഷ്കാവ്യങ്ങൾ അനുവാചകനെ മുള്ളുവച്ച ലാത്തികൊണ്ട് അടിക്കുന്നു. യഥാർത്ഥമായ കവിത കോമളമായ ശരീരത്തിന്റെ സ്പർശംകൊണ്ടു അനുവാചകനെ ആഹ്ലാദിപ്പിക്കുന്നു. ശ്രീ. നാരായണക്കുറുപ്പിന്റെയും ശ്രീ. രവീന്ദ്രനാഥന്റെയും കവിതകൾക്കു ശേഷം ശ്രീ. ഈശ്വരവാരിയരുടെ നർമ്മഭാസുരമായ “മായാത്ത ചിത്രങ്ങൾ” കൂടി വാരികയിൽ ചേർത്തതു നന്നായി. അത്യന്താധുനികത വരുത്തുന്ന തലവേദന ഇല്ലാതെയാക്കാനുള്ള ‘അനാസിൻ’ ഗുളികയാണത്. കറുത്ത വസ്ത്രംകൊണ്ടു മൂടിപ്പൊതിഞ്ഞ ഒരു സ്ത്രീരൂപത്തെക്കണ്ടതിനുശേഷം വെണ്മയുള്ള വസ്ത്രങ്ങൾ ധരിച്ചുനിൽക്കുന്ന ഒരു സുന്ദരിയെക്കണ്ടു കഴിഞ്ഞാലുണ്ടാകുന്ന ആഹ്ലാദം ഈശ്വരവാരിയരുടെ കവിത സംജാതമാക്കുന്നു. ആ ആഹ്ലാദം പോകാതിരിക്കണമെന്നുണ്ടെങ്കിൽ മലയാളരാജ്യം ചിത്രവാരികയിൽ (ലക്കം 3) ശ്രീ. മുതുകുളം ഗംഗാധരൻപിള്ള എഴുതിയ “മെഡിക്കൽ കോളേജിൽ” എന്ന കവിത വായിക്കാതിരിക്കണം. ദർഭമുന കാലിൽ കൊണ്ടുവെന്ന് നടിച്ചു, വല്ക്കലാഞ്ചലം ഇലച്ചാർത്തിൽ ഉടക്കിയെന്നു ഭാവിച്ചു ദുഷ്യന്തനെ സാകൂതം തിരിഞ്ഞുനോക്കി നില്ക്കുന്ന ശകുന്തളയുടെ ചിത്രം—രവിവർമ്മ വരച്ചതു—വായനക്കാർ കണ്ടിരിക്കുമല്ലോ. അവളുടെ കണ്ണുകൾ നോക്കൂ. അനുരാഗപാരവശ്യം മുഴുവൻ അവിടെക്കാണാം. ശകുന്തള കാമുകനെ നോക്കുന്നതുപോലെ കവി ജീവിതത്തിൽ മനസ്സുടക്കി മോഹനസ്വപ്നങ്ങളെ തിരിഞ്ഞുനോക്കുകയാണ്. ആ വീക്ഷണത്തെയാണ് കവിതയെന്നു വിളിക്കുന്നത്. ഗംഗാധരൻപിള്ളയുടെ കവിത അതിൽ നിന്നു ആയിരം കാതം അകന്നുനില്ക്കുന്നു. മൂടുപടം ധരിച്ച് ലജ്ജാവതിയായി നിന്ന ശോഭനേ! മുഖം തിരിച്ച് ഉത്കണ്ഠാകുലയായി കാമുകനെ നോക്കിയ ശകുന്തളേ! നിങ്ങൾ രണ്ടുപേരും ഞങ്ങൾക്കു കാവ്യതത്ത്വങ്ങൾ പഠിപ്പിച്ചു തരുന്നു. ഞങ്ങളുടെ കൃതജ്ഞത.


സത്യൻ

നാടകങ്ങൾ നമുക്കെല്ലാം ഇഷ്ടമാണ്. ഞാൻ ഉദ്ദേശിക്കുന്നത് ആകാശവാണിയിലൂടെ നമ്മുടെ കാതിലെത്തുന്ന വാക്കുകൾ മാത്രമായ നാടകങ്ങളല്ല. വല്ല സായ്പന്മാരുടെയും ചുവടുപിടിച്ച് രചിക്കപ്പെടുന്ന ആധുനിക നാടകങ്ങളുമല്ല. ജീവിതനാടകങ്ങൾ. അവ ജനിപ്പിക്കുന്ന രസമെവിടെ? പ്രശസ്തരായ വാഴേങ്കട കുഞ്ചുനായർ, കലാമണ്ഡലം കൃഷ്ണൻ നായർ, നാണുനായർ എന്നിവരെ ബഹുജനം എങ്ങനെ ബഹുമാനിച്ചുവെന്ന്, അതെങ്ങനെ ഒരു ജീവിതനാടകത്തിന്റെ രാമണീയകം ആവഹിച്ചുവെന്ന്, അനുഗൃഹീത സാഹിത്യകാരനായ ശ്രീ. എം.ആർ.ബി. വ്യക്തമാക്കുന്നു (മാതൃഭൂമി-ലക്കം 18). അദ്ദേഹത്തിന്റെ ‘തുടുത്ത സായാഹ്നം,’ എന്ന ലേഖനം സുന്ദരമാണ്. കഥകളിയുടെ ആരാധകനല്ലാത്ത ഞാൻ എഴുത്തുകാരനായ എം.ആർ.ബിയുടെ ആരാധകനായി നില്ക്കുന്നു. ജീവിതനാടകങ്ങളുടെ മേന്മയെക്കുറിച്ച് പറഞ്ഞ ഞാൻ ചലനചിത്രത്തിലൂടെ ആവിഷ്കരിക്കപ്പെടുന്ന ജീവിതനാടകങ്ങളെ അവഗണിച്ചില്ല. ആ നാടകങ്ങളിലെ പ്രധാന നായകനെക്കുറിച്ച്—ശ്രീ. വി.ബി.സി. നായരുടെ ഭാഷയിൽ പറഞ്ഞാൽ “എന്നും പതിനാറുവയസ്സുള്ള നടനെക്കുറിച്ച്”—ശ്രീ. സത്യനെക്കുറിച്ച് “മലയാളനാട്ടി”ൽ (ലക്കം 9) ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. നമുക്കെല്ലാവർക്കും അഭിനേതാവായ സത്യനെ സ്നേഹമാണ, ബഹുമാനമാണ. അദ്ദേഹത്തിന്റെ പ്രാഗൽഭ്യം കൊണ്ടു മാത്രമല്ല നാം അദ്ദേഹത്തെ സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും. വൈരൂപ്യം മാത്രം ദർശിക്കാൻ കഴിയുന്ന ഒരു ജീവിതമാർഗ്ഗത്തിൽ നിന്ന് ഔദ്യോഗികജീവിതത്തിൽനിന്ന്—സൗന്ദര്യം മാത്രം ദർശിക്കാൻ കഴിയുന്ന ഒരു ജീവിതപഥത്തിലേക്കുവന്ന സൗന്ദര്യാരാധകനാണു സത്യൻ. അദ്ദേഹത്തിന്റെ വിശ്വാസങ്ങളിലേക്ക്, കലാസങ്കല്പങ്ങളിലേക്ക്, ഒരു കൈത്തിരി കാണിക്കുന്ന വി.ബി.സി. നായർ.

> “അദ്ദേഹം ചിരിക്കുമ്പോൾ വസന്തമില്ലാതെ പുഷ്പങ്ങൾ പൊട്ടിവിടരുന്നു. കണ്ണട എടുത്തു തുടച്ചു വർത്തമാനം പറയുമ്പോൾ പ്രപഞ്ചനൈർമ്മല്യത്തിന്റെ ഏകാന്തദീപ്തി എല്ലാവർക്കും അനുഭവപ്പെടുന്നു.”

സി. അച്യുതമേനോൻ

ശ്രീ. സി. അച്യുതമേനോനെക്കുറിച്ച് ശ്രീ. കെ. ബാലകൃഷ്ണനെഴുതിയ ലേഖനത്തിലെ രണ്ടു വാക്യങ്ങളാണു ഞാൻ മുകളിൽ ഉദ്ധരിച്ചത്. ബാലകൃഷ്ണന്റെ ശൈലിയുടെ ദീപ്തിക്ക് ഈ രണ്ടു വാക്യങ്ങൾ മതി നിദർശകമാകാൻ. ശ്രീ. അച്യുതമേനോന്റെ സ്വഭാവ നൈർമ്മല്യവും അവയിൽ പ്രതിഫലിക്കുന്നു. മഹാനായ ഒരു നേതാവിന്റെ ഒരു പ്രതിഭാശാലി എങ്ങിനെ കാണുന്നു എന്നു മനസ്സിലാക്കണമെങ്കിൽ “മലയാളനാട്ടി”ലെ ഈ ലേഖനം വായിക്കണം.

വിക്തർ യൂഗോയുടെ “ലെമിസ്റാബിള്” എന്ന നോവലിൽ സ്വന്തം കളിപ്പാട്ടങ്ങൾ മറ്റു കുട്ടികൾക്കു കളിക്കാനായി കൊടുക്കുന്ന ഒരു കുട്ടിയെ അവതരിപ്പിച്ചിട്ടുണ്ടെന്നാണു എന്റെ ഓർമ്മ. ആ ഓർമ്മ ശരിയല്ലെങ്കിലും കുഴപ്പമില്ല. അങ്ങനെയുള്ള കുട്ടികളുണ്ട്. അച്ഛനമ്മമാർ വാങ്ങിക്കൊടുക്കുന്ന ക്രീഡാവസ്തുക്കൾ മറ്റുള്ള കുട്ടികൾക്കു കൊടുത്തിട്ടു മിണ്ടാതിരിക്കുന്ന ബാലന്മാരും ബാലികമാരും ധാരാളം. അവർ അവ തിരിച്ചു കൊടുത്തില്ലെങ്കിലും പരാതിയില്ല. ശ്രീ. ടി. എൽ. ജോൺസ് അങ്ങനെയൊരു ക്രീഡാവസ്തു നമ്മുടെ നേർക്കെറിഞ്ഞിട്ടു നിശബ്ദത പാലിച്ചു നില്ക്കുന്നു. “നത്തുലയിലെ പീരങ്കികൾ” എന്ന ചെറുകഥയെ ലക്ഷ്യമാക്കിയാണു ഞാനിതു പറയുക. സ്വയം രസിക്കാതെ, വായനക്കാരെ രസിപ്പിക്കാതെ, അദ്ദേഹം ഒരു പട്ടാളക്കാരന്റെ കഥ പറയുന്നു. ജോൺസിനു കഥയെഴുതാൻ അറിഞ്ഞുകൂടെന്നു ഞാൻ അഭിപ്രായപ്പെട്ടാൽ അത് അസത്യമായിരിക്കും. ജോൺസ് കഥാകാരനാണ്; നല്ല കഥാകാരനാണ്. പക്ഷേ, “മലയാളനാട്ടി”ലെ ഈ ചെറുകഥ വിരസം. അതാ! വൈയാകരണൻ എത്തിനോക്കുന്നു. “യൂഗോയുടെ” എന്നു ഞാനെഴുതിപ്പോയി. “യൂഗോവിന്റെ” എന്നു വേണ്ടേ എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം ഞാൻ ‘യൂഗോയുടെ’, ‘റേഡിയോയുടെ’ എന്നൊക്കെയേ എഴുതാറുള്ളു. ഇന്നാളൊരു ദിവസം എന്റെ കൂട്ടുകാരനായ ഒരു വൈയാകരണൻ എന്നോടു ചോദിച്ചു: ‘സംഖ്യാവിശേഷണം ചേർന്നാൽ ക്ലീബേ വേണ്ട ബഹുത്വരി’ എന്ന കേരള പാണിനിയുടെ നിയമം വിസ്മരിച്ച നിങ്ങൾ എന്തിന് ‘പത്തു മരങ്ങൾ’ എന്നും മറ്റും എഴുതുന്നു? ‘പത്തു മരം’ തെറ്റ്; ‘പത്തു മരങ്ങൾ’ ശരി എന്നാണ് എന്റെ ഉത്തരം. ഓരോ മരവും വിഭിന്നമായിരിക്കുമ്പോൾ പത്തു മരങ്ങൾ എന്നുതന്നെ പറയണം. ഓരോ ഉപന്യാസവും വിഭിന്നമായിരിക്കുമ്പോൾ ‘പതിനഞ്ച് ഉപന്യാസങ്ങൾ’ എന്നു തന്നെ പറയണം. ‘പതിനഞ്ച് ഉപന്യാസം’ എന്ന ഗ്രന്ഥത്തിനു പേരിടുന്നതു തെറ്റ്. എന്നാൽ അഞ്ചുരൂപ, പത്തുരൂപ എന്നൊക്കെപ്പറഞ്ഞാൽ മതി. കാരണം ഓരോ രൂപയുടെയും മൂല്യത്തിനു വ്യത്യാസമില്ല എന്നതുതന്നെ. ജോർജ്ജു ചക്രവർത്തിയുടെ തലയുള്ള രൂപയാകട്ടെ, അശോകസ്തംഭത്തിന്റെ അടയാളമുള്ള രൂപയാകട്ടെ, ഏതായാലും രൂപയുടെ മൂല്യം മാറുന്നില്ല. അതിനാൽ അവിടെ ‘കൾ’ പ്രത്യയം വേണ്ട. എന്നാൽ “താങ്കൾ അയച്ച മൂന്ന് എഴുത്തുകൾ കിട്ടി” എന്നു ബഹുവചനപ്രത്യയം ചേർത്തുതന്നെ പറയണം. “താങ്കൾ അയച്ച മൂന്ന് എഴുത്തുകിട്ടി” എന്ന് എഴുതിയാൽ ശരിയാവുകയില്ല. പിന്നെ രാജരാജവർമ്മയുടെ അഭിപ്രായമോ? അത് അദ്ദേഹത്തിന്റെ അഭിപ്രായം; ഇതു അല്പപ്രഭാവനായ എന്റെ അഭിപ്രായം. ഓ, ഇടയ്ക്കു വ്യാകരണം വന്നു കയറി. നമുക്കു ചെറുകഥയിലേക്കു തന്നെ മടങ്ങിപ്പോകാം. യു. എ. ഖാദറിന്റെ “പുലരുംവരെ” എന്നതാണു ‘മലയാളനാട്ടി’ലെ അടുത്ത കഥ. വ്യഭിചാരിയായ ബോസ്, വ്യഭിചാരിണിയായ റീനാ, അവളെ വിവാഹം ചെയ്യാൻ പോകുന്ന അശക്തനായ ഒരുവൻ—ഇങ്ങനെ മൂന്നുപേരെ അവതരിപ്പിക്കുന്നു ഖാദർ. മൂന്നു പേരുടെയും മാനസിക പ്രേരണകളെ കഥാകാരൻ ചിത്രീകരിക്കുന്നു; ഒട്ടൊക്കെ വിജയം പ്രാപിക്കുകയും ചെയ്യുന്നു. പ്രേമഭംഗത്തിന്റെയും അതിന്റെ ഫലമായ നൈരാശ്യത്തിന്റെയും കഥയാണു ശ്രീ. ഉള്ളൂർ ഗോപാലകൃഷ്ണന്റെ കഥയിൽ ഉള്ളത് (കുങ്കുമം വാരിക-ലക്കം 45). ഞാനിത് എഴുതുമ്പോൾ തമസ്സ് വ്യാപിക്കുന്നു. എഴുന്നേറ്റ് സ്വിച്ച് ഒന്നമർത്തിയാൽ വെള്ളിവെളിച്ചം ഈ മുറിയിലാകെ വ്യാപിക്കും. കലയുടെ പ്രകാശം കൊണ്ട് ഗോപാലകൃഷ്ണനും തമസ്സ് അകറ്റട്ടെ. ജനയുഗം വാരികയിലെ (ജൂലൈ 19) “മറവി” എന്ന കഥ നോക്കുക. ശ്രീമതി സി. രേവതി എഴുതിയ ആ കൊച്ചുകഥയിൽ ഭാര്യയുടെ മരണത്താൽ ദുഃഖിക്കുന്ന ഒരു പുരുഷനെ കാണാം. ആ ദുഃഖം കലാത്മകമായി രേവതി ആവിഷ്കരിച്ചിട്ടുണ്ട്. ശോഭനയുടെ മുഖാവരണം പോലെ ചന്ദ്രന്റെ മുൻപിലെ മൂടൽമഞ്ഞുപോലെ ഒക്കെയാണ് സൗന്ദര്യമെന്ന് ഞാൻ പറഞ്ഞല്ലോ. അവിടെ മൂടുപടത്തിനും മൂടൽമഞ്ഞിനും മാത്രമല്ല ഭംഗി. ശോഭനയുടെ മുഖത്തിനും ചന്ദ്രനും രാമണീയകമുണ്ട്. ഇപ്പോൾ ഞാൻ വേറൊരുവിധത്തിൽ സംഭാവനം ചെയ്യുകയാണ്. ചെളി നിറഞ്ഞ, പായലുനിറഞ്ഞ, കുളത്തിൽ വിടർന്നുനില്ക്കുന്ന താമരപ്പൂവാണ് സൗന്ദര്യം. കഥയിലെ പ്രതിപാദ്യവിഷയം ചെളിപോലെ പായലുപോലെ അറപ്പു ഉണ്ടാക്കുന്ന ജീവിതവൈരൂപ്യമാണെന്നിരിക്കട്ടെ. എങ്കിലും വിഭാവാനുഭാവാദികളെ വേണ്ടവിധത്തിൽ പ്രതിപാദനം ചെയ്യുകഴിയുമ്പോൾ സൗന്ദര്യത്തിന്റെ താമര വിടർന്നുനില്ക്കുന്നത് നാം കാണും. ശ്രീ. ഈ. സി. ആന്റണിയുടെ “ഉദയം അസ്തമനം” (അസ്തമനം തെറ്റ്, അസ്തമയം ശരി) എന്ന കഥയിൽ ജീവിതവൈരൂപ്യമേയുള്ളു. ഒരു കോളേജ് വിദ്യാർത്ഥിനി ഗർഭിണിയാകുന്നു. അവൾ വീട്ടിൽ ചെല്ലുന്നു, ഛർദ്ദിക്കുന്നു, ഇതാണു കഥ. ആ വിദ്യാർത്ഥിനി ഗർഭിണിയായി ഛർദ്ദിക്കുന്നതുപോലെ കഥയിലെ കലാരാഹിത്യംകണ്ട് അനുവാചകനും ഛർദ്ദിക്കുന്നു. ചവച്ചുതുപ്പിയ കരിമ്പിൻകൊത്തുൾ പിന്നെയും പിന്നെയും എടുത്തുകാണിക്കുന്ന ഈ വ്യവസായം കഥാകാരന്മാർ എന്നു നിറുത്തുമോ എന്തോ?

സാഹിത്യസൃഷ്ടിയിലെ ജീവിതമെന്നഘടകം ആഖ്യാനം ചെയ്യപ്പെടേണ്ടതല്ല. ചെറുകഥയോ നോവലോ വായിക്കുന്നയാൾ അത് അനുമാനം ചെയ്യുകയാണ്. “ഞാനിതാ ജീവിതം ചിത്രീകരിക്കുന്നു” എന്ന മട്ടിൽ ആരെങ്കിലുമെഴുതിയാൽ ആ എഴുത്തുകാരൻ പരിഹസിക്കപ്പെടും. “യുദ്ധവും സമാധാനവും” വായിക്കൂ. നോവൽ വായിക്കുകയാണെന്ന് നമുക്കു തോന്നുകയില്ല. ശ്രീ. കളിയലിൽ രാധാകൃഷ്ണന്റെ “എഴുതാൻ തുടങ്ങും മുൻപ്” എന്ന ചെറുകഥയ്ക്കുള്ള ന്യൂനത (മാതൃഭൂമി) കൃത്രിമത്വമാണു. കേശവൻ കുട്ടിക്ക് വിവാഹം നിശ്ചയിക്കുന്നു. അതോടെ ധർമ്മപുത്രരും ഇന്ദ്രതനയനും ഒക്കെ പൂർവ്വികന്മാരായി രംഗപ്രവേശം ചെയ്യുന്നു. കല കലയെ മറച്ചുവയ്ക്കുമ്പോഴാണു സാഹിത്യസൃഷ്ടി ഉത്കൃഷ്ടമാകുന്നതെന്ന മൗലികതത്ത്വം രാധാകൃഷ്ണൻ വിസ്മരിക്കുന്നു. ആധുനികസംസ്കാരത്തിന്റെ ജീർണ്ണതയെ ശ്രീ. എൻ. ജി. മേനോൻ “സുഹൃത്ത്” എന്ന കഥയിലൂടെ (മാതൃഭൂമി) സ്ഫുടീകരിക്കുകയാണ്. കഥയ്ക്കു കൃത്രിമത്വമില്ല; ബഹുഭാഷിതയില്ല; പച്ചിലച്ചാർത്തിനിടയിലൂടെ നേരിയ ഒച്ച കേൾപ്പിച്ചുകൊണ്ടു സഞ്ചരിക്കുന്ന കൊച്ചുകാറ്റിനെപ്പോലെ സുഖദായകമാണു ഈ ചെറുകഥ. എനിക്ക് ആശ്വാസമായി. ഒന്നുരണ്ടു കഥകളെങ്കിലും തരക്കേടില്ലെന്ന് പറയാൻ കഴിഞ്ഞല്ലോ.


ആന്ദ്രേ മൽറോ

രാഷ്ട്രാന്തരീയപ്രശസ്തിയാർജ്ജിച്ച ഗ്രന്ഥകാരനാണ് ആന്ദ്രേ മൽറോ. നിശ്ശബ്ദതയുടെ ശബ്ദങ്ങൾ—Voices of Silence—എന്ന ഉത്കൃഷ്ടമായ ഗ്രന്ഥം രചിച്ച് (കലാനിരൂപണം) ശാശ്വതയശസ്സ് ആർജ്ജിച്ച മൽറോ അനുഗ്രഹീതനായ നോവലെഴുത്തുകാരനുമാണ്. അദ്ദേഹത്തിന്റെ അത്യന്തസുന്ദരമായ Anti Memoirs എന്ന ആത്മകഥ (കിൽമാർട്ടിന്റെ തർജ്ജമ) അമേരിക്കയിലെ ബൻറാം കമ്പനി പ്രസാധനം ചെയ്തിരിക്കുന്നു. ജനുവരി 1970-ലാണു ഈ ഗ്രന്ഥം പരസ്യപ്പെടുത്തിയത്. 1958 മുതൽ 1960 വരെ ദി ഗോൾ ക്യാബിനറ്റിലെ “ഇൻഫർമേഷൻ–കൾച്ചർ മന്ത്രിയായിരുന്ന മൽറോ. അദ്ദേഹം ഹോചിമിൻ, മവോസേതുങ്, സ്റ്റാലിൻ, നെഹ്റു എന്നീ ജനനായകന്മാരെക്കണ്ടതും അവരോടു സംസാരിച്ചതുമൊക്കെ ഈ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ശതാബ്ദത്തിലെ ഉത്കൃഷ്ടമായ ഗ്രന്ഥമാണ് ഇതെന്ന് എനിക്കു തോന്നുന്നുണ്ട്. ധനികൻ ശ്രേഷ്ഠനായിരിക്കാം. രാഷ്ട്രനേതാവ് ശ്രേഷ്ഠനായിരിക്കാം. പക്ഷേ, ഉത്കൃഷ്ടവികാരങ്ങളുള്ള വ്യക്തി അവരെക്കാൾ ശ്രേഷ്ഠനാണ്. ആ നിലയിൽ മൽറോ ഒരു നിസ്തുലവ്യക്തിയായി ഉജ്ജ്വലപ്രഭാവനായി ഈ ഗ്രന്ഥത്തിൽ പ്രത്യക്ഷനാകുന്നു.

കലീനകുടുംബങ്ങളിൽ ജനിച്ച സ്ത്രീകൾ പുരുഷന്മാരുടെ മുഖത്തുനോക്കി വിനയപൂർവ്വം സംസാരിക്കും. കുഴഞ്ഞാടുകയില്ല; പരുഷങ്ങളായ വാക്കുകൾ പറയുകയില്ല. ചിലർ ലജ്ജാവതികളായിരിക്കും. അവരുടെ ലജ്ജയ്ക്കും കാണും ഒരന്തസ്സ്. ഇതിനു നേരേ വിപരീതമായി പെരുമാറുന്നവരുണ്ട്. വളരെ വർഷങ്ങൾക്കുമുൻപ് അങ്ങനെയൊരുത്തിയെ കാണാനുള്ള ദൗർഭാഗ്യം എനിക്കുണ്ടായി. അധികാരസ്ഥാനത്തു കയറിക്കൂടിയിരിക്കുന്ന അവരുടെ അടുക്കൽ എനിക്കു പോകേണ്ടതായി വന്നു. എന്നെക്കണ്ടമാത്രയിൽ അവർ തലവെട്ടിച്ചു ജനലിൽക്കൂടി പുറത്തേക്കു നോക്കാൻ തുടങ്ങി. അസ്വസ്ഥയായി പേപ്പർവെയിറ്റെടുത്ത് അങ്ങുമിങ്ങുമായി വയ്ക്കാൻ തുടങ്ങി. കാലുകൊണ്ടു ചവറ്റുകുട്ടതട്ടിമറിച്ചു. ഈ അശ്ലീലഭാവപ്രകടനം കുറേനേരം കണ്ടപ്പോൾ സഹനശക്തികെട്ട ഞാൻ അവരുടെ മുഖത്തുനോക്കി ഇംഗ്ലീഷിൽ പറഞ്ഞു. “Madam, excuse me. You are a bad woman” (ക്ഷമിക്കൂ. നിങ്ങൾ ചീത്തസ്ത്രീയാണ്.) You are a prostitute—നിങ്ങൾ വേശ്യയാണ്—എന്നാണു ഞാൻ പറയാൻ പോയത്. പക്ഷേ, അവരുടെ തടിമിടുക്കും ഔദ്യോഗികപദവിയും ശിപായിസഞ്ചയത്തെയും കണ്ടു ഞാൻ ആ വാക്കു പറഞ്ഞില്ല. ഉത്തമസാഹിത്യം അഭിജാതയെപ്പോലെയാണ്. സരളമായി. ഋജ്ജുവായി ശാലീനമായി അതു നമ്മോടു സംസാരിക്കുന്നു. അധമസാഹിത്യം പരുഷമായി സങ്കീർണ്ണമായി, അസംസ്കൃതമായി ആക്രോശിക്കുന്നു. അതിനെ നോക്കി “മാഡം, നിങ്ങൾ വേശ്യയാണ്” എന്നു പറയാനുള്ള ധൈര്യം നമുക്കുണ്ടാകണം. അധമസാഹിത്യം പ്രചരിപ്പിക്കുന്നവരുടെ സംഖ്യാബലം കണ്ടു നാം ആ വാക്കു പറയാതരിക്കരുത്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-നു ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും ‘സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ’ എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, ‘അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്’ എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.



സാഹിത്യവാരഫലം

എം. കൃഷ്ണൻ നായർ

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ ‘സ്വപ്നമണ്ഡലം’ (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014